2026
SEPTEMBER
21
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# കൊച്ചി കപ്പൽശാലയിൽ മിസൈൽ കപ്പൽ നിർമാണം തുടങ്ങി

**മട്ടാഞ്ചേരി:** നാവികസേനയ്ക്ക് ആധുനിക ആയുധവും കരുത്തും പകർന്ന് പുതുതലമുറ മിസൈൽ കപ്പൽ നിർമാണത്തിന് തുടക്കം കുറിച്ചു. നാവികസേന യുദ്ധക്കപ്പൽ കൺട്രോളർ വൈസ് അഡ്മിറൽ സജ്ജയ് സാധു കീലിടൽ കർമം നടത്തി. നാവികസേനയ്ക്കായി ആറ് പുതുതലമുറ കപ്പലുകളാണ് കൊച്ചി കപ്പൽശാലയിൽ നിർമിക്കുക. ഇത് സംബന്ധിച്ച് ഇരുവരും 2023 മാർച്ചിൽ കരാറിലേർപ്പെട്ടിരുന്നു. കപ്പലൊന്നിന് 1634 കോടി രൂപ കണക്കിൽ 9805 കോടി രൂപയാണ് ചെലവ്. ബ്രഹ്മോസ് മിസൈൽ അടക്കമുള്ള ആധുനികവും ഗതിവേഗവുമുള്ള ആക്രമണ ആയുധങ്ങൾ, റഡാർ, ഇൻഫ്രാറെഡ്, മാഗ്നറ്റിക്ക് സിഗ്നേച്ചറുകൾ എന്നിവയടക്കമുള്ള പുതുതലമുറ മിസൈലുകൾ കപ്പലിലുണ്ടാകും.

89 മീറ്റർ നീളവും 12 അടി വീതിയും മുന്നര മീറ്റർ ആഴവുമുള്ള കപ്പലിന് 1437 ടൺ ഭാരമുണ്ടാകും. മണിക്കൂറിൽ 65 കിലോമീറ്റർ വേഗത. 80 നാവികരും 13 ഓഫീസർമാരുമാണ് ഒരു കപ്പലിലുണ്ടാകുക.

2027ൽ ആദ്യ കപ്പൽ കൈമാറാനാകുമെന്നാണ് പ്രതീക്ഷ. ചടങ്ങിൽ നാവികസേനാ അധികൃതരും കപ്പൽശാല ഉന്നതരും ഉണ്ടായിരുന്നു.



## പാർക്ക് ചെയ്ത വിമാനങ്ങൾക്ക് വൈദ്യുതി: ആധുനിക സംവിധാനമൊരുക്കി സിയാൽ

**നെടുമ്പാശ്ശേരി:** പാർക്ക് ചെയ്ത വിമാനങ്ങൾക്ക് വൈദ്യുതിക്കായി ആധുനിക ബ്രിഡ്ജ് മൗണ്ടഡ് എക്യുപ്മെന്റ് (ബിഎംഇ) സംവിധാനമൊരുക്കി സിയാൽ. അന്താരാഷ്ട്ര ടെർമിനലിൽ 15.04 കോടി ചെലവിൽ സ്ഥാപിച്ച സംവിധാനത്തിന്റെ ഉദ്ഘാടനം നവംബർ 24ന് മുഖ്യമന്ത്രിയും സിയാൽ ചെയർമാനുമായ വി.ഡി. സതീശൻ നിർവഹിക്കും.

വിമാനങ്ങൾ പാർക്ക് ചെയ്തിരിക്കുമ്പോൾ അവയിലെ വൈദ്യുത ആവശ്യങ്ങൾ നിർവഹിക്കുക എന്നതാണ് ഉപകരണത്തിന്റെ പ്രധാന ചുമതല. സാധാരണയായി എൻജിനുകളോ ഓക്സിലറി പവർ യൂണിറ്റോ പ്രവർത്തിപ്പിച്ച് അതിലെ ഇന്ധനം ഉപയോഗിച്ചാണ് ഇത്തരം ആവശ്യങ്ങൾക്കുള്ള വൈദ്യുതി കണ്ടെത്തുന്നത്. ഇത് വലിയ രീതിയിലുള്ള ഇന്ധനച്ചെലവിന് കാരണമാകും.

വിമാനത്തിന് ആവശ്യമായ വൈദ്യുതി പുറമേ നിന്ന് എത്തിക്കുകയാണ് ബിഎംഇ ചെയ്യുന്നത്. എയറോബ്രിഡ്ജിൽ ഘടിപ്പിച്ചിട്ടുള്ള ബിഎംഇ വഴി പാർക്ക് ചെയ്തിരിക്കുന്ന വിമാനങ്ങളിലേക്ക് ആവശ്യമായ വൈദ്യുതിയും റീകണ്ടീഷൻ ചെയ്ത എയറും നേരിട്ട് ലഭ്യമാക്കുന്നു. ഇതുവഴി വിമാനത്താവളത്തിൽ പാർക്ക് ചെയ്തിരിക്കുന്ന വിമാനങ്ങളുടെ ഇന്ധന ഉപയോഗവും മലിനീകരണവും വലിയ അളവിൽ കുറയ്ക്കാനാകും.

മണിക്കൂറിൽ ഏകദേശം 122 മുതൽ 145 കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളുന്നത് തടയാനുമാകും.

ഹരിത വികസനവും സാമ്പത്തിക കാര്യക്ഷമതയും ഒരേസമയം സാധ്യമാക്കുന്ന ഈ പദ്ധതി വ്യോമയാന മേഖലയ്ക്ക് തന്നെ മാതൃകയാണെന്ന് സിയാൽ അധികൃതർ പറഞ്ഞു.

## ബേബി ഫുഡിലെ നിയമലംഘനം; നെസ്‌ലെ ഇന്ത്യക്കെതിരേ നിയമനടപടി

**ന്യൂദൽഹി:** കുഞ്ഞുങ്ങൾക്കായുള്ള ഭക്ഷ്യോത്പന്നങ്ങളിൽ ഗുണനിലവാരക്കുറവും നിയമലംഘനങ്ങളും കണ്ടെത്തിയതിനെത്തുടർന്ന് നെസ്‌ലെ ഇന്ത്യക്കെതിരേ നടപടിയുമായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ).

സ്വിസ് ബഹുരാഷ്ട്ര കമ്പനിയായ നെസ്‌ലെയുടെ ഉപസ്ഥാപനമാണ് നെസ്‌ലെ ഇന്ത്യ. കമ്പനിയുടെ മൂന്നു വ്യത്യസ്ത ഉത്പന്നങ്ങൾക്കെതിരേ മൂന്നു കേസുകളാണ് ഫയൽ ചെയ്തിരിക്കുന്നത്.

നെസ്‌ലെ നിർമിച്ച ഫോളോഅപ് ഫോർമുലയുടെ ലബോറട്ടറി പരിശോധനയിൽ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നതാണ് ഒന്നാമത്തെ കേസ്. കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കാവശ്യമായ പോഷകഘടകം വൈറ്റമിൻ ബി7ന്റെ (ബയോട്ടിൻ) അളവ് നിശ്ചിത മാനദണ്ഡത്തേക്കാൾ കുറവാണെന്നു പരിശോധനയിൽ കണ്ടെത്തി.

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (ഫുഡ്സ് ഫോർ ഇൻഫൻറ് ന്യൂട്രീഷൻ) 2020ലെ റെഗുലേഷൻസ് പ്രകാരം നിർദേശിച്ചിട്ടുള്ള ബയോട്ടിന്റെ അളവില്ലെന്നു പരിശോധനയിൽ തെളിഞ്ഞു.

## രാജ്യത്തെ ആദ്യ അംഗീകൃത ഡെങ്കിപ്പനി വാക്സിൻ അടുത്ത വർഷം വിപണിയിലെത്തും

**ന്യൂദൽഹി:** രാജ്യത്ത് പ്രതിവർഷം ഒരുലക്ഷത്തിലധികം ആളുകളെ ദുരിതത്തിലാക്കുന്ന ഡെങ്കിപ്പനിയെ പ്രതിരോധിക്കാൻ ആദ്യ അംഗീകൃത വാക്സിൻ വിപണിയിലെത്തുന്നു. ഡെങ്കിപ്പനി വാക്സിനായ ക്യുദെംഗ അടുത്തവർഷം രാജ്യത്തെ സ്വകാര്യ വിപണിയിലെത്തിക്കാനാണു ശ്രമം. ഇതുസംബന്ധിച്ച് ക്യുദെംഗ വാക്സിൻ നിർമിക്കുന്ന ജപ്പാനിലെ ടോക്കിയോ ആസ്ഥാനമായുള്ള ആഗോള ഫാർമസ്യൂട്ടിക്കൽ കമ്പനിയായ താകെദയും ഹൈദരാബാദ് ആസ്ഥാനമായ ഡോ. റെഡ്ഢീസ് ലബോറട്ടറീസും കരാറിൽ ഒപ്പുവച്ചു.

രാജ്യത്തെ ആദ്യത്തെ അംഗീകൃത ഡെങ്കിപ്പനി വാക്സിനായ ക്യുദെംഗ, നാലു മുതൽ 60 വയസ് വരെയുള്ളവർക്കായി ഉപയോഗിക്കുന്നതിന് 2026 ജൂലൈയിൽ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ വിപണനാനുമതി നൽകിയിരുന്നു. രാജ്യത്ത് ഡെങ്കിപ്പനി ഒരു പ്രധാന പൊതുജനാരോഗ്യ വെല്ലുവിളിയാണെന്നും സാർവത്രിക പ്രതിരോധകുത്തിവയ്പ് പരിപാടിയിൽ ഡെങ്കിപ്പനി വാക്സിൻ ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്നും നേരത്തേ പാർലമെന്റിന്റെ ആരോഗ്യസമിതി ശുപാർശ നൽകിയിരുന്നു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

## പ്രത്യക്ഷനികുതി ശേഖരം 13 ശതമാനം വർധിച്ചു

**ന്യൂദൽഹി:** അഡ്വാൻസ് ടാക്സ് ശേഖരണം ഉയർന്നതിന്റെ ബലത്തിൽ നടപ്പ് സാമ്പത്തികവർഷത്തിൽ സെപ്റ്റംബർ 17 വരെയുള്ള കാലയളവിൽ സർക്കാരിന്റെ ആകെ പ്രത്യക്ഷനികുതി വരുമാനം 13% വർധിച്ച് 12.12 ലക്ഷം കോടി രൂപയിലധികമായി.

കോർപറേറ്റ് നികുതിശേഖരം 19.48% ഉയർന്ന ഏകദേശം 5.56 ലക്ഷം കോടി രൂപയിലെത്തിയപ്പോൾ, കോർപറേറ്റ് ഇതര നികുതി (വ്യക്തികളും എച്ച്യുഎഫുകളും) ആറു ശതമാനം വർധിച്ച് 6.16 ലക്ഷം കോടി രൂപയിലധികമായി. 2026 ഏപ്രിൽ 1നും സെപ്റ്റംബർ 17നും ഇടയിൽ സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ ടാക്സ് ശേഖരം 53% വർധിച്ച് 40,214 കോടി രൂപയായി. സെപ്റ്റംബർ 17 വരെ നൽകിയ റീഫണ്ടുകളുടെ തുക 29.19% വർധിച്ച് 2.20 ലക്ഷം കോടി രൂപയിലധികമായതായി സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (സിബിഡിടി) പുറത്തുവിട്ട വിവരങ്ങൾ വ്യക്തമാക്കുന്നു. ഗ്രോസ് ഡയറക്ട് ടാക്സ് ശേഖരം 15% വളർച്ചയോടെ 14.32 ലക്ഷം കോടി രൂപയിലധികമായി. സെപ്റ്റംബർ 17 വരെയുള്ള മുൻകൂർ നികുതി ശേഖരം 16.18% വർധിച്ച് ഏകദേശം 5.22 ലക്ഷം കോടി രൂപയായി. ഇതിൽ കോർപറേറ്റ് അഡ്വാൻസ് ടാക്സ് 18 ശതമാനം വളർച്ചയോടെ 4.16 ലക്ഷം കോടി രൂപയ്ക്കു മുകളിലായി. കോർപറേറ്റ് ഇതര അഡ്വാൻസ് ടാസ്ക് 9.24 ശതമാനം വളർച്ചയിൽ 1.06 ലക്ഷം കോടി രൂപയായി.






ഐ.സി.എ.ആർ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ് സയൻസ്) ഡോ. ബി. മീനാകുമാരി ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുന്നു. വേദിയിൽ സിഫ്റ്റ് എക്സ്റ്റൻഷൻ, ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷൻ മേധാവിയും പരിപാടിയുടെ കൺവീനറുമായ ഡോ. നികിത ഗോപാൽ, ഐ.സി.എ.ആർസിഫ്റ്റ് ഡയറക്ടറും സോഫ്റ്റി പ്രസിഡന്റുമായ ഡോ. ജോർജ് നൈനാൻ, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സിഫ്റ്റിലെ ശാസ്ത്രജ്ഞയായ ഡോ. സന്ധ്യ കെ. എം. എന്നിവർ

# മത്സ്യമേഖലയിൽ വനിതാ പങ്കാളിത്തം ശക്തമാക്കണം

**കൊച്ചി:** ഐക്യരാഷ്ട്രസഭ 2026 അന്താരാഷ്ട്ര വനിതാ കർഷക വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ, മത്സ്യമേഖലയിലെ വനിതകളുടെ സംഭാവനകൾക്ക് കൂടുതൽ അംഗീകാരം നൽകുകയും അവരുടെ പങ്കാളിത്തം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ മത്സ്യത്തൊഴിലാളി വനിതാ സംഗമത്തിന് കൊച്ചിയിലെ ഐ.സി.എ.ആർ. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ നടന്നു.

സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ്സ് ഇന്ത്യ യും ഐ.സി.എ.ആർ.സിഫ്റ്റും സംയുക്തമായി സംഘടിപ്പിക്കുന്ന സംഗമത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 60ഓളം മത്സ്യത്തൊഴിലാളി വനിതകൾ പങ്കെടുക്കുന്നു. കേരളം, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, സിക്കിം, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള വനിതകളാണ് പങ്കെടുക്കുന്നത്.

ഐ.സി.എ.ആറിന്റെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ് സയൻസ്) ഡോ. ബി. മീനാകുമാരി ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി. മത്സ്യമേഖലയിലും മത്സ്യകൃഷി മേഖലയിലും വനിതകൾ വഹിക്കുന്ന നിർണായക പങ്ക് ഡോ. മീനാകുമാരി ചൂണ്ടിക്കാട്ടി.

'മത്സ്യമേഖലയിൽ വനിതകളുടെ പങ്ക് വളരെ വലുതാണ്. മത്സ്യസംസ്കരണം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം തുടങ്ങിയ മേഖലകളിൽ അവർ ഗണ്യമായ സംഭാവന നൽകുന്നു. എന്നാൽ ഈ സംഭാവനകൾക്ക് വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ല. വനിതകൾക്ക് സാങ്കേതികവിദ്യ പരിശീലനം, വായ്പ, ധനസഹായം, സാമൂഹിക സുരക്ഷ എന്നിവ കൂടുതൽ ലഭ്യമാക്കണം. വനിതകളെ ഗുണഭോക്താക്കളായി മാത്രം കാണാതെ സംരംഭകരായും നൂതനാശയ പ്രവർത്തകരായും അംഗീകരിക്കണം. കൂടുതൽ സുസ്ഥിരമായ നീല സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ വനിതകൾക്ക് നിർണായക പങ്ക് വഹിക്കാനാകും സർക്കാർ പദ്ധതികളും മത്സ്യമേഖലാ പരിപാടികളും നൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ കൂടുതൽ വനിതകൾ മുന്നോട്ടുവരണം. ' ഡോ. ബി. മീനാകുമാരി പറഞ്ഞു.

മത്സ്യസംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് പുറമെ കടൽപ്പായൽ കൃഷി, ട്രൗട്ട് മത്സ്യകൃഷി, ഉണക്കമത്സ്യ വിൽപ്പന തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ളവരും സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള വനിതകൾ അവരുടെ അനുഭവങ്ങളും വിജയഗാഥകളും പങ്കുവെക്കും. ഡിജിറ്റൽ സാമ്പത്തിക സാക്ഷരത, തൊഴിൽപരമായ ആരോഗ്യവും സുരക്ഷയും, കാലാവസ്ഥാ വിദ്യാഭ്യാസം, ദുരന്ത സാഹചര്യങ്ങളെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് തുടങ്ങിയ വിഷയങ്ങളിൽ സെഷനുകളും പരിപാടിയുടെ ഭാഗമായി നടക്കും. കാർഷിക ഭക്ഷ്യ സംവിധാനങ്ങളിൽ വനിതകൾ നൽകുന്ന സംഭാവനകൾക്ക് കൂടുതൽ അംഗീകാരം നൽകുന്നതിനുള്ള പ്രസക്തമായ അവസരമാണ് അന്താരാഷ്ട്ര വനിതാ കർഷക വർഷം.

# കുസാറ്റിൽ ആക്ടിങ്, മ്യൂസിക്, കഥക്, ശില്പശാലകൾ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 മുതൽ 7 വരെ ആക്ടിങ്, മ്യൂസിക്, കഥക്, ശില്പശാലകൾ നടക്കും. ഒക്ടോബർ 2 മുതൽ 4 വരെ സെമിനാർ കോംപ്ലക്സിലെ മിനി ഹാളിൽ നടക്കുന്ന ദി ആർട്ട് ഓഫ് ആക്ടിങ് ആക്ടിങ് വർക്ക്ഷോപ്പിൽ സ്കൂൾ ഓഫ് ഡ്രാമ അദ്ധ്യാപകനായ ഡോ. ശ്രീജിത്ത് രമണൻ, തീയേറ്റർ സിനിമ നടന്മാരായ രാജേഷ് ശർമ്മ, അമൽ രാജ്ദേവ്, ദേവേന്ദ്രനാഥ് ശങ്കരനാരായണൻ എന്നിവർ സെഷനുകൾ നയിക്കും. അതേ ദിവസങ്ങളിൽ സെമിനാർ കോംപ്ലക്സിലെ എക്സിക്യൂട്ടീവ് ഹാളിൽ ഹാളിൽ നടക്കുന്ന ദി സൗണ്ട് ഓഫ് മ്യൂസിക് മ്യൂസിക് വർക്ക്ഷോപ്പിൽ സംഗീത സംവിധായകൻ പി.ജെ ബേർണി, പിന്നണി ഗായിക ഭദ്ര രാജിൻ, തിരുവനന്തപുരം വിമൻസ് കോളേജിലെ മ്യൂസിക് അദ്ധ്യാപകരായ ഡോ. ധനലക്ഷ്മി സി, സജ്ന സുധീർ, സൗണ്ട് എൻജിനീയർ ഹരിശങ്കർ വി, ലാരിങ്കോളജി സ്പെഷ്യലിസ്റ്റുമാരായ ഡോ. രശ്മി എം. നായർ, ഡോ. സാനിയ മറിയം എബ്രഹാം, വോക്കൽ ട്രെയിനർ കൃപ. കെ. കെ എന്നിവർ സെഷനുകൾ നയിക്കും. ഒക്ടോബർ 5 മുതൽ 7 വരെ ഗ്രേസ് കഥക് അക്കാദമിയുടെ സഹകരണത്തോടെ സെമിനാർ കോംപ്ലക്സിലെ മിനി ഹാളിൽ നടക്കുന്ന കഥക് ശില്പശാലയിൽ പ്രശസ്ത കഥക് നർത്തകി മറീന മേഥിയും ശിഷ്യ വാണി ഗ്രേസും സെഷനുകൾ നയിക്കും.

സർവകലാശാലയിലെ വിദ്യാർത്ഥികളോടൊപ്പം താല്പര്യമുള്ള മറ്റ് കലാഭിനിവേശമുള്ളവർക്കും പങ്കെടുക്കാം. അഭിനയ കളരിയുടെ ഭാഗമായി സർവകലാശാലയിലെ മാത്തമാറ്റിക്സ് വിഭാഗം പ്രൊഫസർ ഡോ. അപർണ്ണ ലക്ഷ്മണൻ അവതരിപ്പിക്കുന്ന അന്യവൽക്കരണം എന്ന ഏകപാത്ര നാടകത്തിന്റെ അവതരണം നടക്കും. സംവിധാനം സി എസ് മനോജ്.

സർവകലാശാല വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും 500 രൂപയും മറ്റ് വിദ്യാർത്ഥികൾക്ക് 1000 രൂപയും പുറമേനിന്നുള്ള കലാകാരൻ / കലാകാരികൾക്ക് 2000 രൂപയും ആണ് രജിസ്ട്രേഷൻ ഫീസ്. വിശദ വിവരങ്ങൾക്ക് യുവജന ക്ഷേമവകുപ്പിന്റെ വെബ് സൈറ്റ് https://welfare.cusat.ac.in സന്ദർശിക്കുക. ഫോൺ 9447508345.




# നിർമ്മലാ കോളേജിൽ ഓപ്പറേഷൻ തൂഫാൻ ലഹരി വിരുദ്ധ ക്ലാസും റോഡ് സുരക്ഷാ ബോധവൽക്കരണവും സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** നിർമ്മലാ കോളേജ് മൂവാറ്റുപുഴ (ഓട്ടോണമസ്), റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മൂവാറ്റുപുഴ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഓപ്പറേഷൻ തൂഫാൻ' ലഹരി വിരുദ്ധ ക്ലാസും റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു. സെപ്റ്റംബർ 18 വെള്ളിയാഴ്ച രാവിലെ 10.30ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ അഡ്വ. മാത്യു കുഴൽനാടൻ എം.എൽ.എ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ ചടങ്ങിൽ സ്വാഗതം ആശംസിച്ചപ്പോൾ പ്രിൻസിപ്പൽ ഡോ. ജെസ്റ്റിൻ കെ. കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ മൂവാറ്റുപുഴ ആർടിഒ ഷെഫീക്ക് ബി. റോഡ് സുരക്ഷാ സന്ദേശവും, മൂവാറ്റുപുഴ ടഒഛ സുബിൻ ബിജു ലഹരി വിരുദ്ധ സന്ദേശവും നൽകി. തുടർന്ന് വിദ്യാർത്ഥികൾക്കായി പ്രത്യേക ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഷൈമോൻ ജോസഫ് ചടങ്ങിന് നന്ദി രേഖപ്പെടുത്തി.



സൊസൈറ്റി ടുഡേ
SOCIETY TODAY




അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ (അസോചം) സംഘടിപ്പിച്ച നാലാമത് ഹെൽത്ത് ആൻഡ് വെൽനസ് സമ്മിറ്റിൽ 'എക്സലൻസ് ഇൻ മെഡിക്കൽ വാല്യൂ ട്രാവൽ & വെൽനസ് ടൂറിസം' പുരസ്കാരം നീതി ആയോഗ് അംഗം എം. ശ്രീനിവാസിൽ നിന്ന് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ഇന്റർനാഷണൽ ബിസിനസ് കേരള ഹെഡ് അമിത് സിംഗാൾ ഏറ്റുവാങ്ങുന്നു.

# അസോചം എക്സലൻസ് ഇൻ മെഡിക്കൽ വാല്യൂ ട്രാവൽ & വെൽനസ് ടൂറിസം പുരസ്കാരതിളക്കത്തിൽ ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ (അസോചം) സംഘടിപ്പിച്ച നാലാമത് ഹെൽത്ത് ആൻഡ് വെൽനസ് സമ്മിറ്റിൽ 'എക്സലൻസ് ഇൻ മെഡിക്കൽ വാല്യൂ ട്രാവൽ & വെൽനസ് ടൂറിസം' പുരസ്കാരം കരസ്ഥമാക്കി ആസ്റ്റർ മെഡ്സിറ്റി. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ നീതി ആയോഗ് അംഗം എം. ശ്രീനിവാസിൽ നിന്ന് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ഇന്റർനാഷണൽ ബിസിനസ് കേരള ഹെഡ് അമിത് സിംഗാൾ പുരസ്കാരം ഏറ്റുവാങ്ങി. അന്താരാഷ്ട്ര നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യ, വിദേശത്തുനിന്നെത്തുന്ന രോഗികൾക്കായി നൽകുന്ന മികച്ച പരിചരണവും സേവനങ്ങളും എന്നിവ മുൻനിർത്തിയാണ് ആസ്റ്റർ മെഡ്സിറ്റിയെ ഈ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.

'ലോകത്തെവിടെനിന്നും നിന്ന് കേരളത്തിലേക്ക് എത്തുന്ന രോഗികൾക്ക് അന്തരാഷ്ട്ര നിലവാരത്തിലുള്ള മെഡിക്കൽ പരിചരണം ഉറപ്പാക്കാൻ ആസ്റ്റർ മെഡ്സിറ്റി എന്നും മുൻപന്തിയിലുണ്ട്. അസോചം പോലൊരു ദേശീയ സംഘടന നൽകുന്ന ഈ അംഗീകാരം, മെഡിക്കൽ വാല്യൂ ട്രാവൽ രംഗത്ത് ഞങ്ങളുടെ പ്രതിബദ്ധതയ്ക്കുള്ള തെളിവാണ്.' ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് സെൻട്രൽ കേരള റീജിയണൽ സിഇഒ ഡോ. നളന്ദ ജയദേവ് പറഞ്ഞു.

പുറത്തുനിന്നുള്ള രോഗികൾക്കായി ടെലിമെഡിസിൻ അധിഷ്ഠിത പ്രീ അറൈവൽ കൺസൾട്ടേഷനുകൾ, ഭാഷാ വിദഗ്ധരുടെ സേവനം, ഇൻഷുറൻസ്‌ലോജിസ്റ്റിക് സഹായങ്ങൾ എന്നിവയുൾപ്പെടുന്ന വ്യക്തിഗത സേവനങ്ങളെല്ലാം ആസ്റ്റർ മെഡ്സിറ്റി ഉറപ്പാക്കുന്നു.

കഴിഞ്ഞ വർഷത്തിൽ മാത്രം 58ഓളം രാജ്യങ്ങളിൽ നിന്നുള്ള രോഗികൾക്ക് അത്യാധുനിക ചികിത്സ ആസ്റ്റർ നൽകിയിട്ടുണ്ട്. സിഐഐ കേരള ഹെൽത്ത് & മെഡിക്കൽ ടൂറിസം അവാർഡ്, ഹോസ്പെക്സ് എക്സലൻസ് ഇൻ മെഡിക്കൽ ടൂറിസം പുരസ്കാരം എന്നിവയ്ക്ക് ശേഷമെത്തുന്ന അസോചം അംഗീകാരം, അന്താരാഷ്ട്ര തലത്തിൽ കൊച്ചിയെ മെഡിക്കൽ ടൂറിസം ഹബ്ബായി ഉയർത്തുന്നതിൽ ആസ്റ്റർ മെഡ്സിറ്റി വഹിക്കുന്ന പങ്കിനുള്ള തെളിവാണ്.



# ആർബി ഫോർ വിമെൻ പരിശീലന പരിപാടിയിൽ 150ലധികം വനിതാ റൈഡർമാർ പങ്കെടുത്തു

**കൊച്ചി:** വനിതാ ശാക്തീകരണത്തിന്റെയും നഗര ഗതാഗത സാധ്യതകളുടെയും സുപ്രധാന മുന്നേറ്റം കുറിച്ചുകൊണ്ട് പ്രമുഖ ബൈക്ക് റെന്റൽ പ്ലാറ്റ്ഫോമായ റോയൽ ബ്രദേഴ്സും, യമഹ മോട്ടോർ ജപ്പാന്റെ അനുബന്ധ സ്ഥാപനമായ എംബിഎസ്ഐയും (മോട്ടോ ബിസിനസ്സ് സർവീസ് ഇന്ത്യ) ചേർന്ന് സ്ത്രീകൾക്കായി 'ആർബി ഫോർ വിമെൻ' ബൈക്ക് റൈഡിംഗ് പരിശീലന പരിപാടി കൊച്ചിയിൽ സംഘടിപ്പിച്ചു.

150ലധികം വനിതകൾ വേദിയിൽ ഒത്തുകൂടിയതോടെ, പരിശീലനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ആവേശത്തിന്റെയും സജീവ ഇടമായി മാറി. പരിശീലന സെഷൻ അവസാനിച്ചപ്പോഴേയ്ക്കും ഓരോ വനിതയും പുതിയ റൈഡിംഗ് കഴിവുകൾ സ്വന്തമാക്കുകയും, പരിശീലനം പൂർത്തിയാക്കിയതിനുള്ള സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുകയും ചെയ്തു. പരിചയസമ്പന്നരായ പരിശീലകരുടെ നേതൃത്വത്തിലാണ് വനിതകൾ പരിശീലനം നേടിയത്. വാഹനം കുറഞ്ഞ വേഗതയിൽ ബാലൻസ് ചെയ്ത് ഓടിക്കുക, ത്രോട്ടിൽ നിയന്ത്രിക്കുക, അടിയന്തരമായി ബ്രേക്ക് ചെയ്യുക, സുരക്ഷിതമായി വാഹനം ഓടിക്കുന്ന രീതികൾ സ്വായത്തമാക്കുക തുടങ്ങിയ കാര്യങ്ങളിലാണ് പരിശീലനം നൽകിയത്. സുരക്ഷാ ഉപകരണങ്ങൾ ധരിച്ചായിരുന്നു പരിശീലനം. എംബിഎസ്ഐ റോയൽ ബ്രദേഴ്സിനു കൈമാറിയ മികച്ച നിലവാരമുള്ള വാഹനങ്ങളാണ് പരിശീലനത്തിനായി ഉപയോഗിച്ചത്. ഏവരെയും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സൗഹൃദപരമായ അന്തരീക്ഷത്തിലാണ് പരിശീലനം നടന്നത്.

കൊച്ചിയിൽ ഇത്രയധികം സ്ത്രീകൾ പങ്കെടുത്തത് കേരളത്തിൽ സ്ത്രീകൾക്ക് സ്വന്തമായി യാത്ര ചെയ്യാനുള്ള സൗകര്യത്തിന് വലിയ ആവശ്യമുണ്ടെന്ന് കാണിക്കുന്നു. റോഡിലെ സ്ത്രീപുരുഷ വ്യത്യാസം കുറയ്ക്കുന്നതിലൂടെ, എംബിഎസ്ഐയും റോയൽ ബ്രദേഴ്സും സ്ത്രീകൾക്ക് ജോലിയിലും ദൈനംദിന ജീവിതത്തിലും കൂടുതൽ സ്വാതന്ത്ര്യത്തോടെ യാത്ര ചെയ്യാനുള്ള അവസരങ്ങൾ ഒരുക്കുകയാണ്. പരിശീലനം പൂർത്തിയായതോടെ, കൊച്ചിയിലെ പുതിയ വനിതാ റൈഡർമാർ ഇനി സ്വന്തം ഇഷ്ടത്തിന് ആത്മവിശ്വാസത്തോടെ റോഡിലിറങ്ങാൻ തയ്യാറായിരിക്കുകയാണ്.



# സംസ്ഥാന മാസ്റ്റേഴ്സ് മീറ്റ് ജേതാക്കളെ ആദരിച്ചു

**ആലുവ:** സംസ്ഥാന മാസ്റ്റേഴ്സ് മീറ്റിൽ മികച്ച നേട്ടം കൈവരിച്ച കായികതാരങ്ങളെ ആലുവ പെരിയാർ അഡ്വഞ്ചേഴ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. വിവിധ ഇനങ്ങളിൽ മികവ് തെളിയിച്ച് വിജയികളായ കെ. എച്ച്. ഉബൈദ്, ജോസ് മാവേലി, വിശ്വംഭരൻ നാണു, മഹറൂൽ മിന്നത്ത് എന്നിവരെയാണ് ചടങ്ങിൽ ആദരിച്ചത്.

പ്രായം കായികമികവിന് തടസ്സമല്ലെന്നും ആരോഗ്യകരമായ ജീവിതത്തിനും സാമൂഹിക ഇടപെടലുകൾക്കും മാസ്റ്റേഴ്സ് കായികതാരങ്ങൾ നൽകുന്ന സംഭാവനകൾ മാതൃകാപരമാണെന്നും ചടങ്ങിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.

സംസ്ഥാന മാസ്റ്റേഴ്സ് മീറ്റിൽ മികച്ച പ്രകടനം കാഴ്ചവെച്ച് വിജയികളായ താരങ്ങളെ അനുമോദിച്ചത് പുതിയ തലമുറയിലെ കായികതാരങ്ങൾക്ക് പ്രചോദനമാകുമെന്നും സംഘാടകർ പറഞ്ഞു. കായികരംഗത്ത് സജീവമായി തുടരുന്ന മുതിർന്ന താരങ്ങളുടെ നേട്ടങ്ങൾ സമൂഹത്തിന് അഭിമാനകരമാണെന്നും അവർ കൂട്ടിച്ചേർത്തു.

## ലൈബ്രറി അസിസ്റ്റന്റ് കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ ലൈബ്രറി അസിസ്റ്റന്റ് ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. രേഖകൾ സഹിതം സെപ്റ്റംബർ 29 രാവിലെ 10.30 മണിക്ക് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് 0481 2733377.

## പരീക്ഷാകേന്ദ്രം അനുവദിച്ചു

ഒക്ടോബർ 1 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ, എം. എസ്.സി., എം കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷകൾക്കുള്ള കേന്ദ്രങ്ങൾ അനുവദിച്ചു. അനുവദിച്ച കേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
-പരീക്ഷാതീയതി

ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി (ഓണേഴ്സ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ. എൽ.എൽ.ബി (ഓണേഴ്സ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.കോം. എൽ.എൽ.ബി (ഓണേഴ്സ്) (2023 അഡ്മിഷൻ റെഗുലർ, 2018-2022 അഡ്മിഷനുകൾ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി (ഓണേഴ്സ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി (ഓണേഴ്സ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി (ഓണേഴ്സ്) (2017 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2016 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി ഡിഗ്രി, പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി (ഓണേഴ്സ്), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി (ഓണേഴ്സ്) (2015 അഡ്മിഷൻ ഫൈനൽ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 12 വരെ പിഴയില്ലാതെ അപേക്ഷിക്കാം.
ഫൈനോട് കൂടി ഒക്ടോബർ 14 വരെയും സൂപ്പർഫൈനോടൊപ്പം ഒക്ടോബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം. എസ്. സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2024 അഡ്മിഷൻ റെഗുലർ, 2022 2023 അഡ്മിഷൻ സപ്ലിമെന്ററി, 2021 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2020 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്, 2019 അഡ്മിഷൻ ഫൈനൽ മേഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ ഒക്ടോബർ 23ന് ആരംഭിക്കും.
ഒക്ടോബർ 05 വരെ ഫൈനില്ലാതെയും 06 വരെ ഫൈനോട് കൂടിയും 07 വരെ സൂപ്പർ ഫൈനോട് കൂടിയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കാൻസർ ബാധിതരുടെ സഹായത്തിനായി ലിസി കാൻസർ സെന്ററുമായി സഹകരിച്ച് ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ

**കൊച്ചി:** കാൻസർ അവബോധവും ചികിത്സാസഹായവും സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന സിഎസ്ആർ പദ്ധതിയായ സഞ്ജീവനിയ്ക്ക് കീഴിൽ, ലിസി കാൻസർ സെന്ററുമായി ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ ധാരണാ പത്രം ഒപ്പു വെച്ചു. ഇതു പ്രകാരം, ലിസി കാൻസർ സെന്ററിന്റെ ഗുണഭോക്തൃ പിന്തുണാ ഫണ്ടിനായി ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ ഒരു കോടി രൂപ സംഭാവന നൽകും. ബാങ്കിന്റെ എറണാകുളം സോണൽ മേധാവിയും സീനിയർ വൈസ് പ്രസിഡന്റുമായ സി എം ശശിധരനും ലിസി കാൻസർ സെന്ററിന്റെ മാനേജിംഗ് ഡയറക്ടറായ റവ. ഫാദർ പോൾ കരേടനും ഇതുസംബന്ധിച്ച ധാരണാപത്രം കൈമാറി. ബാങ്കിന്റെ സി എസ് ആർ മേധാവിയും വൈസ് പ്രസിഡന്റുമായ ഷാജി കെ വി, കോർപ്പറേറ്റ് ബാങ്കിംഗ് റീജിയണൽ ബിസിനസ് ഹെഡും ഡെപ്യൂട്ടി വൈസ് പ്രസിഡന്റുമായ റാണി എസ്, എറണാകുളം നോർത്ത് ബ്രാഞ്ച് മേധാവിയും ഡെപ്യൂട്ടി വൈസ് പ്രസിഡന്റുമായ മാലിനി ഗോപാൽ എസ് തുടങ്ങിയ ഉദ്യോഗസ്ഥർ സന്നിഹിതരായിരുന്നു. ലിസി കാൻസർ സെന്ററിനെ പ്രതിനിധീകരിച്ച് എൽ എം സിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ റവ. ഫാ. റോജൻ നങ്ങേലിമാലിൽ, എൽ സി സിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ റവ. ഫാ. റെജു കണ്ണമ്പുഴ, ജോയിന്റ് ഡയറക്ടറായ റവ. ഫാ. ഡോ. വർഗീസ് അമ്പലത്തിങ്കൽ, ചീഫ് ഫിനാൻഷ്യൽ ഓഫീസറായ ആന്റണി പുതുശ്ശേരി, മെഡിക്കൽ ഓങ്കോളജി കൺസൾട്ടന്റായ ഡോ. ജയശങ്കർ പി തുടങ്ങിയവർ സംബന്ധിച്ചു.

ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ പദ്ധതിയായ സഞ്ജീവനിയിലൂടെ ഇതുവരെ 13,645 പേർക്ക് കാൻസർ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ 33,014 ഗുണഭോക്താക്കൾക്ക് ബോധവത്ക്കരണം, രോഗനിർണ്ണയം, പരിശോധന, ചികിത്സാസഹായം, രോഗീപരിചരണം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള സഹായവും നൽകിയിട്ടുണ്ട്.

'മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുന്നതിൽ ആരോഗ്യപരിപാലനംഒരു അടിസ്ഥാന ഘടകമാണെന്ന് ഫെഡറൽ ബാങ്ക് വിശ്വസിക്കുന്നു. രോഗം നേരത്തെ കണ്ടുപിടിക്കുന്നതിനും, ചികിത്സയ്ക്കും, രോഗീപരിചരണത്തിനും പിന്തുണ നൽകിക്കൊണ്ട് അർത്ഥവത്തായ സാമൂഹിക സ്വാധീനം ചെലുത്താനുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് ലിസി കാൻസർ സെന്ററുമായുള്ള സഹകരണം പ്രതിഫലിപ്പിക്കുന്നത്,' ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും സി എസ് ആർ വിഭാഗം മേധാവിയുമായ ഷാജി കെ. വി. പറഞ്ഞു. വ്യക്തിഗത അന്തസ്സിനും രാജ്യത്തിന്റെ വികസനത്തിനും ആരോഗ്യം അനിവാര്യമാണെന്ന് ഫെഡറൽ ബാങ്കിന് ബോധ്യമുണ്ട്. അതു കൊണ്ടു തന്നെ, 'സഞ്ജീവനി യുണൈറ്റഡ് എഗെയ്ൻസ്റ്റ് കാൻസർ' ഉൾപ്പെടെയുള്ള ബാങ്കിന്റെ സി എസ് ആർ പദ്ധതികൾ ദീർഘകാല സാമൂഹിക സ്വാധീനം ചെലുത്തുന്ന സുസ്ഥിരമായ ഇടപെടലുകളിലൂടെ സമൂഹത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.




കാൻസർ ബാധിതർക്കുള്ള ഗുണഭോക്തൃ പിന്തുണാ ഫണ്ടിലേക്ക് ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ നൽകുന്ന ഒരു കോടി രൂപയുടെ ധനസഹായവുമായി ബന്ധപ്പെട്ട ധാരണാപത്രം ഫെഡറൽ ബാങ്ക് എറണാകുളം സോൺ മേധാവിയും സീനിയർ വൈസ് പ്രസിഡന്റുമായ സി. എം. ശശിധരൻ, ലിസി കാൻസർ സെന്റർ മാനേജിംഗ് ഡയറക്ടർ റവ. ഫാ. പോൾ കരേടന് കൈമാറുന്നു. ഫെഡറൽ ബാങ്ക് കോർപ്പറേറ്റ് ബാങ്കിംഗ് റീജിയണൽ ബിസിനസ് ഹെഡും ഡെപ്യൂട്ടി വൈസ് പ്രസിഡന്റുമായ റാണി എസ്., എൽ.എം.സി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. റോജൻ നങ്ങേലിമാലിൽ, എൽ.സി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. റെജു കണ്ണമ്പുഴ എന്നിവർ സമീപം

# കാലാവസ്ഥാ ദുരന്തങ്ങളെ പ്രതിരോധിക്കാൻ മുൻകരുതൽ നടപടികൾക്ക് സാമ്പത്തിക സഹായം നൽകണം: മന്ത്രി ടി. സിദ്ദിഖ്

**ഹൈദരാബാദ്:** കൃഷിനാശം സംഭവിച്ചശേഷം പണം ചെലവഴിക്കുന്നതിന് പകരം കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സംസ്ഥാനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം കേന്ദ്രസർക്കാർ നൽകണമെന്ന് കൃഷിവകുപ്പ് മന്ത്രി ടി. സിദ്ദിഖ് ആവശ്യപ്പെട്ടു. ഹൈദരാബാദിൽ നടന്ന ദക്ഷിണേന്ത്യൻ കൃഷിവകുപ്പ് മന്ത്രിമാരുടെ സൗത്ത് സോൺ അഗ്രികൾച്ചറൽ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാലാവസ്ഥാ വ്യതിയാനം കേരളത്തെ കാര്യമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിൽ 20 ഡിഗ്രിക്കും പകൽസമയത്ത് 36 ഡിഗ്രിക്കും മുകളിലാണ് താപനില അനുഭവപ്പെടുന്നത്. ഇത് കാർഷിക മേഖലയെ സംബന്ധിച്ച് ഏറെ ആശങ്കാജനകമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളും പദ്ധതികളും കേരളത്തിൽ സർക്കാർതലത്തിൽ നടപ്പാക്കിവരുന്നുണ്ട്. എന്നാൽ, സാമ്പത്തിക പരിമിതികളും പ്രയാസങ്ങളുമാണ് സർക്കാരിന് മുന്നിലുള്ള പ്രധാന വെല്ലുവിളി.

എൽ നിനോ ഉൾപ്പെടെയുള്ള പ്രതിഭാസങ്ങളുടെ ഫലമായി കനത്ത ചൂടും വരൾച്ചയും ക്രമാതീതമായി അനുഭവപ്പെടുന്നതോടൊപ്പം അതിതീവ്ര മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള പ്രശ്നങ്ങളും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്നു. ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ അടിയന്തര സാമ്പത്തിക സഹായം ലഭ്യമാകണം. സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സംസ്ഥാനങ്ങൾക്ക് ഇത് ആശ്വാസമാകും. അല്ലാത്തപക്ഷം പ്രതിരോധ പ്രവർത്തനങ്ങളെ പിന്നോട്ടടിക്കുന്ന സാഹചര്യമുണ്ടാകുമെന്നും മന്ത്രി ടി. സിദ്ദിഖ് യോഗത്തിൽ ചൂണ്ടിക്കാട്ടി.




തെലങ്കാന, ആന്ധ്രാപ്രദേശ്, പുതുച്ചേരി, കർണാടക തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിലെ മന്ത്രിമാരും സമാനമായ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി.

നിലവിലെ നാല് ശതമാനം പലിശനിരക്ക് നിലനിർത്തിക്കൊണ്ട് കർഷകർക്കായി നടപ്പാക്കുന്ന കെ.സി.സി. വായ്പയുടെ പരിധി മൂന്ന് ലക്ഷത്തിൽ നിന്ന് അഞ്ച് ലക്ഷമായി ഉയർത്തണമെന്നും മന്ത്രി ടി. സിദ്ദിഖ് ആവശ്യപ്പെട്ടു. ഓണാട്ടുകര വികസന ഏജൻസി വികസിപ്പിച്ചെടുത്ത വിത്തിന്റെ ജി.ഐ. പദവി നഷ്ടമാകുന്ന വിധത്തിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ മാർഗനിർദ്ദേശം ഒഴിവാക്കണമെന്നും മന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു.

സൗത്ത് സോൺ അഗ്രികൾച്ചറൽ കോൺഫറൻസ് കേന്ദ്ര കൃഷിവകുപ്പ് മന്ത്രി ശിവരാജ് സിങ് ചൗഹാൻ ഉദ്ഘാടനം ചെയ്തു.

കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ, കർഷകരെ സംബന്ധിച്ച വിവരങ്ങൾ, വിളകളെയും ആനുകൂല്യങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽവൽക്കരിക്കുന്നതും പാം ഓയിൽ ഉൽപ്പാദനം ഉൾപ്പെടെയുള്ള കേന്ദ്രസർക്കാരിന്റെ വിവിധ കാർഷിക പദ്ധതികളും യോഗം ചർച്ച ചെയ്തു.

വനിതാ കർഷക വർഷത്തിൽ കേരളം നടപ്പാക്കുന്ന കൃഷിസഖി പദ്ധതിയെക്കുറിച്ചും വിദ്യാർത്ഥികൾക്കായി പ്രഖ്യാപിച്ച കതിർ പദ്ധതിയെക്കുറിച്ചും മന്ത്രി ടി. സിദ്ദിഖ് യോഗത്തിൽ വിശദീകരിച്ചു.

കൃഷിസഹമന്ത്രിമാരായ രാംനാഥ് ഠാക്കൂർ, ഭഗീരഥ് ചൗധരി എന്നിവർക്കുപുറമെ കേരളം, തമിഴ്നാട്, കർണാടകം, പുതുച്ചേരി, ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷിമന്ത്രിമാരും യോഗത്തിൽ പങ്കെടുത്തു.

# ഇന്ത്യൻ ബാങ്ക് പുതിയ ഡിജിറ്റൽ സേവനങ്ങൾ അവതരിപ്പിച്ചു

**മുംബൈ:** ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026ൽ ഇന്ത്യൻ ബാങ്ക് പുതിയ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളായ എഐതാര, സ്മാർട്ട് വെൽത്ത്, ഇൻഡ് ക്യാഷ് ഒപ്റ്റിമ എന്നിവ അവതരിപ്പിച്ചു. ശബ്ദ നിർദേശങ്ങളിലൂടെ 10 ഭാഷകളിൽ ഫണ്ട് ട്രാൻസ്ഫർ, ഐഎംപിഎസ്, എഫ്ഡി തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതാണ് എഐതാര. മുതിർന്ന പൗരന്മാർക്കും ഡിജിറ്റൽ പരിജ്ഞാനം പരിമിതമായവർക്കും ഇത് സഹായകരമാകും.

ഇൻഡ്സ്മാർട്ടിലെ സ്മാർട്ട് വെൽത്ത് വഴി ബാങ്ക് അക്കൗണ്ടുകൾ, മ്യൂചൽ ഫണ്ടുകൾ, നിക്ഷേപങ്ങൾ, ഓഹരികൾ, ഇടിഎഫ്, എൻപിഎസ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക പോർട്ട്ഫോളിയോ ഒരിടത്ത് കാണാനും ചെലവ് വിശകലനവും വ്യക്തിഗത സാമ്പത്തിക വിവരങ്ങളും ലഭ്യമാകും. കോർപറേറ്റ്, സ്ഥാപന ഉപഭോക്താക്കൾക്കായി ഡിജിറ്റൽ കളക്ഷൻ, പേപ്പർലെസ് ഓൺബോർഡിംഗ്, മൊബൈൽ ക്യാഷ് മാനേജ്മെന്റ് തുടങ്ങിയ സൗകര്യങ്ങളാണ് ഇൻഡ് ക്യാഷ് ഒപ്റ്റിമ നൽകുന്നത്.

# അഞ്ചുവർഷത്തിനുള്ളിൽ 100 പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ലക്ഷ്യമിട്ട് സർക്കാർ

**കൊച്ചി:** അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 100 പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ്. വർഷം തോറും 20 ടൂറിസം ഡെസ്റ്റിനേഷനുകളാണ് വികസിപ്പിക്കുന്നത്.

ടൂറിസം വ്യവസായ പങ്കാളികളുമായി സഹകരിച്ചാണ് പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുക. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം സർക്കാർ നടത്തുമെന്നും മന്ത്രി അറിയിച്ചു.

രാജ്യത്തെ ഏറ്റവും വലിയ ടൂറിസംവാണിജ്യമേളയായ കേരള ട്രാവൽ മാർട്ടിന്റെ (കെടിഎം 2026) ഒരുക്കങ്ങൾ മാധ്യമങ്ങളോടു വിശദീകരിക്കുകയായിരുന്നു മന്ത്രി.

24ന് ബോൾഗാട്ടിയിലെ ഹയാത്ത് കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. 25 മുതൽ 27 വരെ കൊച്ചി വെല്ലിംഗ്ടൺ ഐലൻഡിലെ സാഗരസാമുദ്രിക കൺവെൻഷൻ സെൻററിലാണ് ട്രാവൽ മാർട്ടിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റുകൾ നടക്കുക.

ദേശീയ, അന്തർദേശീയ മാധ്യമപ്രവർത്തകരുടെ പങ്കാളിത്തവും കെടിഎമ്മിലുണ്ട്. ബിസിനസ് കൂടിക്കാഴ്ചകൾ, ദേശീയ,അന്തർദേശീയ ടൂറിസം വിദഗ്ധരുടെ യോഗങ്ങൾ, സെമിനാറുകൾ, പോസ്റ്റ്മാർട്ട് ടൂറുകൾ എന്നിവയുണ്ടാകും.

കെടിഎമ്മിൽ ബിസിനസ് ചർച്ചകൾക്കും വിപണന സാധ്യതകൾക്കുമായി 45,000ത്തിലധികം ബിസിനസ് കൂടിക്കാഴ്ചകൾ നടക്കുമെന്ന് കെടിഎം പ്രസിഡൻറ് ജോസ് പ്രദീപ് അറിയിച്ചു.

മാർട്ടിൽ പങ്കെടുക്കുന്നതിന് ബയർ രജിസ്ട്രേഷൻ 3000 കടന്നു. ഇതിൽ 1500 ഓളം പേർ നേരിട്ടെത്തും. 383 സെല്ലർമാരാണ് സ്റ്റാൾ ബുക്കിംഗ് പൂർത്തിയാക്കിയത്. വിവിധ സർക്കാർ സ്ഥാപനങ്ങളുടെ 15 സ്റ്റാളുകളും മാർട്ടിലുണ്ടാകും.

# 10 ലക്ഷം ഹരിത വാഹനങ്ങൾ ലക്ഷ്യമിട്ട് മാരുതി സുസുകി

**ന്യൂദൽഹി:** സിഎൻജി, ഹൈബ്രിഡ്, ഇലക്ട്രിക് വിഭാഗങ്ങളിലായി 202627 സാമ്പത്തികവർഷത്തിൽ 10 ലക്ഷത്തോളം ഹരിത വാഹനങ്ങൾ വിറ്റഴിക്കാനൊരുങ്ങി രാജ്യത്തെ പ്രമുഖ വാഹനനിർമാതാക്കളായ മാരുതി സുസുകി.

ഉയർന്ന ഇന്ധനവിലയും പുതിയ ഓട്ടോമാറ്റിക് സിഎൻജി മോഡലുകളുടെ വരവും ലക്ഷ്യം കൈവരിക്കാൻ സഹായിക്കുമെന്നാണ് കമ്പനിയുടെ പ്രതീക്ഷ. തങ്ങളുടെ 'ഓട്ടോ ഗ്രീൻ മിഷൻ" പദ്ധതിയുടെ ഭാഗമായി ജനപ്രിയ മോഡലുകളായ സ്വിഫ്റ്റ്, ഡിസയർ, ബലേനോ എന്നിവയുടെ ഓട്ടോമാറ്റിക് എസ്സിഎൻജി വേരിയൻറുകൾ കമ്പനി വിപണിയിൽ അവതരിപ്പിച്ചു.

സിഎൻജി പാസഞ്ചർ വാഹന വിപണിയിൽ നിലവിൽ 70 ശതമാനം വിഹിതമുള്ള മാരുതി, ഈ സാമ്പത്തികവർഷം നേരത്തേ എട്ടു മുതൽ ഒൻപതു ലക്ഷം വരെ ഹരിതവാഹനങ്ങളുടെ വിൽപനയായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, പുതിയ ഓട്ടോമാറ്റിക് സിഎൻജി മോഡലുകൾ എത്തിയതോടെ ഇത് 10 ലക്ഷത്തിലേക്ക് ഉയർത്തുകയായിരുന്നുവെന്ന് കമ്പനിയുടെ മാർക്കറ്റിംഗ് ആൻഡ് സെയിൽസ് സീനിയർ എക്സിക്യൂട്ടീവ് ഓഫീസർ പാർത്ഥോ ബാനർജി വ്യക്തമാക്കി.

ഓട്ടോമാറ്റിക് ഗിയർബോക്സ് ഇല്ലാത്തതിനാൽ മുന്പ് പെട്രോൾഓട്ടോമാറ്റിക് മോഡലുകളിലേക്കു പോയിരുന്ന വലിയൊരു വിഭാഗം ഉപഭോക്താക്കളെ ആകർഷിക്കാൻ ഇതിലൂടെ സാധിക്കുമെന്ന് കമ്പനി കരുതുന്നു.

കിലോഗ്രാമിന് 36.47 കിലോമീറ്റർ മൈലേജ് നൽകുന്ന ഡിസയർ ഓട്ടോമാറ്റിക് എസ്സിഎൻജി ഇന്ത്യയിലെ ഏറ്റവും മികച്ച ഇന്ധനക്ഷമതയുള്ള സെഡാനാണെന്ന് മാരുതി അവകാശപ്പെടുന്നു. പ്രാരംഭ എക്സ്ഷോറൂം വിലയായി സ്വിഫ്റ്റ് ഓട്ടോമാറ്റിക് സിഎൻജിക്ക് 7.92 ലക്ഷം രൂപയും, ബലേനോ ഓട്ടോമാറ്റിക് സിഎൻജിക്ക് 8.32 ലക്ഷം രൂപയും, ഡിസയർ ഓട്ടോമാറ്റിക് സിഎൻജിക്ക് 8.53 ലക്ഷം രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്.



# യൂണിയൻ സുദർശൻ അവതരിപ്പിച്ച് യൂണിയൻ ബാങ്ക്; 14 പുതിയ പദ്ധതികൾക്കും തുടക്കം

**മുംബൈ:** തത്സമയ ബാങ്കിംഗ് നിരീക്ഷണം, റിസ്ക് മേൽനോട്ടം, പ്രവർത്തന മികവ് എന്നിവ ലക്ഷ്യമിട്ട് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 'യൂണിയൻ സുദർശൻ' എന്ന കേന്ദ്രീകൃത ബാങ്കിംഗ് ഇന്റലിജൻസ് ഹബ്ബ് അവതരിപ്പിച്ചു. ബാങ്കിന്റെ ഡിജിറ്റൽ പരിവർത്തനത്തിന്റെ ഭാഗമായാണ് പൂർണമായും ഓട്ടോമേറ്റഡ് സംവിധാനമായ 'യൂണിയൻ സുദർശൻ' അവതരിപ്പിച്ചത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, അഡ്വാൻസ്ഡ് അനലിറ്റിക്സ് എന്നിവയുടെ സഹായത്തോടെ വിവിധ ബാങ്കിംഗ് ചാനലുകളിലെ അസാധാരണ ഇടപാടുകളും റിസ്കുകളും നേരത്തേ കണ്ടെത്താൻ ഈ സംവിധാനത്തിന് കഴിയും.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ബാങ്ക് 14 പുതിയ തന്ത്രപ്രധാന പദ്ധതികൾക്കും തുടക്കമിട്ടു. പ്രക്രിയകൾ ലളിതമാക്കുക, സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള സമയം കുറയ്ക്കുക, സുഗമമായ ബാങ്കിംഗ് ഉറപ്പാക്കുക എന്നിവയാണ് പദ്ധതികളുടെ ലക്ഷ്യം.

ബാങ്കിന്റെ ചരിത്രവും പൈതൃകവും അടയാളപ്പെടുത്തുന്ന യൂണിയൻ ബാങ്ക് മ്യൂസിയവും ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. ഫിനാൻഷ്യൽ സർവീസസ് സെക്രട്ടറി സഞ്ജയ് ലോഹിയ, യൂണിയൻ ബാങ്ക് എംഡിയും സിഇഒയുമായ അശീഷ് പാണ്ഡെ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ നിതേഷ് രഞ്ജൻ, എസ്. രാമസുബ്രഹ്മണ്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# ഓക്സിജനിൽനിന്ന് ഐഫോൺ 18 പ്രോ സീരിസ് ഏറ്റുവാങ്ങി ദുൽഖർ സൽമാൻ

**കോട്ടയം:** ഡിജിറ്റൽ റീട്ടെയിൽ ശൃംഖലയായ ഓക്സിജനിൽ ഐഫോൺ 18 പ്രോ സീരിസ് ഫോൺ ഓക്സിജൻ ബ്രാൻഡ് അംബാസഡറും നടനുമായ ദുൽഖർ സൽമാൻ ഓക്സിജൻ സിഇഒ ഷിജോ കെ. തോമസിൽനിന്ന് ഏറ്റുവാങ്ങി. ഓക്സിജന്റെ എല്ലാ ഷോറൂമുകളിലും ഐഫോൺ 18 പ്രോ സീരിസിന്റെ വിൽപന ആരംഭിച്ചു.

1,64,900 രൂപ മുതലാണ് ഫോണുകളുടെ പ്രാരംഭവില. അതോടൊപ്പം ആപ്പിളിന്റെ എയർപോഡ് 12 സീരിസ്, ഐ വാച്ച് അൾട്രാ ഫോർ, എയർപോഡ്സ് ഫൈ വയർലെസ് ചാർജ് എന്നിവയുടെ വിൽപനയും ഓക്സിജനിൽ ആരംഭിച്ചു.

വേരിയബിൾ അപ്പേർച്ചറുള്ള പുതിയ 48എംപി ഫ്യൂഷൻ മെയിൻ കാമറ, കരുത്തുറ്റ എ20 പ്രോ ചിപ്പ്, കൂടുതൽ മെച്ചപ്പെട്ട ബാറ്ററി ലൈഫ്, എഐ പിന്തുണയുള്ള സിരി എന്നിവയാണ് 18 പ്രോ സീരീസിൻറെ പ്രധാന പ്രത്യേകതകൾ.

ബ്ലാക്ക്, സിൽവർ, ഗ്ലേസിയർ, ബർഗണ്ടി എന്നീ നാല് നിറങ്ങളിലുള്ള ഫോണുകൾ 256 ജിബി, 512ജിബി, 1ടിബി, 2ടിബി സ്റ്റോറേജ് ഓപ്ഷനുകളിൽ ലഭ്യമാണ്.

ആപ്പിൾ ഫോൾഡബിൾ സീരിസിന്റെ ആദ്യവിൽപന ഒക്ടോബർ 23ന് നടക്കും. ഇതിന് മുന്നോടിയായുള്ള പ്രീ ബുക്കിംഗ് ഒക്ടോബർ 16ന് ഓക്സിജൻ ഷോറൂമുകളിൽ ആരംഭിക്കും. ഫോൺ: 9020100100.




മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡിന്റെ' 17ാമത് പതിപ്പ് കേരള പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു. സൻസ്കാര സ്കൂൾ പ്രിൻസിപ്പൽ ഡോ. സ്വാമിനാഥൻ കൃഷ്ണ, മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം. ജോർജ്, എറണാകുളം സെന്റ് തെരേസാസ് കോളേജ് ഡീൻ ഡോ. നിർമ്മല പത്മനാഭൻ, തൃക്കാക്കര എം.എൽ.എ. ഉമാ തോമസ്, മുത്തൂറ്റ് ഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് & സിഎസ്ആർ ഹെഡ് രോഹിത് രാജ് എന്നിവർ സമീപം.

### മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡ് 17ാം പതിപ്പ്

# ഏഴ് സംസ്ഥാനങ്ങളിലായി 1,500 സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യും

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഗോൾഡ് ലോൺ എൻ.ബി.എഫ്.സി. ആയ മുത്തൂറ്റ് ഫിനാൻസ്, സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക് മികവിനെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന സി.എസ്.ആർ. പ്രോഗ്രാമായ 'മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡിന്റെ' 17ാമത് പതിപ്പിന് തുടക്കം കുറിച്ചു. കേരള പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ പരിപാടി ഉദ്ഘാടനം ചെയ്തു.

മുത്തൂറ്റ് ഗ്രൂപ്പിന്റെ വിദ്യാഭ്യാസ സംരംഭമായ കൊച്ചിയിലെ സൻസ്കാര സ്കൂളിലായിരുന്നു ദേശീയതല ഉദ്ഘാടനം. 2026-27 പതിപ്പിലൂടെ ഏഴ് സംസ്ഥാനങ്ങളിലായി, എട്ട്, ഒൻപത് ക്ലാസ് പരീക്ഷകളിൽ മികവ് പുലർത്തിയ സർക്കാർ സ്കൂളുകളിലെ മിടുക്കരായ വിദ്യാർത്ഥികൾക്കായി 1,500 സ്കോളർഷിപ്പുകൾ വിതരണം ചെയ്യും. ഇതിനായി 50 ലക്ഷത്തിലധികം രൂപ വകയിരുത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥിക്കും അവരുടെ അക്കാദമിക് നേട്ടത്തിനുള്ള അംഗീകാരമായി 3,000 രൂപ വീതം ക്യാഷ് അവാർഡായി ലഭിക്കും. കേരളം, ചെന്നൈ, മധുര, മംഗലാപുരം, ബെംഗളൂരു, ഹൈദരാബാദ്, മുംബൈ, ഗോവ, കൊൽക്കത്ത, ഡൽഹി എന്നിവിടങ്ങളിലാണ് അവാർഡുകൾ വിതരണം ചെയ്യുന്നത്.

ഇന്ത്യയിലുടനീളമുള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക് മികവിനെ ആദരിക്കുന്നതിനുള്ള പ്രമുഖ വേദിയാണ് മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡ്. പദ്ധതിയുടെ തുടക്കം മുതൽ ഇതുവരെ 13,411 അവാർഡുകളിലൂടെ ആകെ 3,75,75,500 രൂപയുടെ സ്കോളർഷിപ്പുകൾ നൽകിയിട്ടുണ്ട്.

സുതാര്യതയും അർഹതയും മുൻനിർത്തി, അതത് ജില്ലാ വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെയാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിലെ സ്കൂളുകളുമായി ചേർന്ന് പ്രവർത്തിക്കുന്ന കമ്പനിയുടെ സി.എസ്.ആർ. മാനേജർമാരുടെയും ബ്രാഞ്ച് ടീമുകളുടെയും നേതൃത്വത്തിലാണ് അവാർഡ് വിതരണം ഏകോപിപ്പിക്കുന്നത്.

ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം. ജോർജ് അധ്യക്ഷത വഹിച്ചു, തൃക്കാക്കര എം.എൽ.എ. ഉമാ തോമസ് മുഖ്യപ്രഭാഷണം നടത്തി. എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ സുബിൻ പോൾ, എറണാകുളം സെന്റ് തെരേസാസ് കോളേജ് ഡീൻ ഡോ. നിർമ്മല പത്മനാഭൻ, സൻസ്കാര സ്കൂൾ പ്രിൻസിപ്പൽ ഡോ. സ്വാമിനാഥൻ കൃഷ്ണ എന്നിവർ ചടങ്ങിൽ പ്രത്യേക പ്രഭാഷണങ്ങൾ നടത്തി.

കേരളം, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര, ഡൽഹി, പശ്ചിമ ബംഗാൾ എന്നിവയുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലേക്ക് മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡിന്റെ 2026-27 പതിപ്പ് വ്യാപിപ്പിച്ചിട്ടുണ്ട്. അതത് ജില്ലാ വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇത് സംഘടിപ്പിക്കുന്നത്.

'വിദ്യാർത്ഥികൾക്ക് അവരുടെ ആഗ്രഹങ്ങൾ ആത്മവിശ്വാസത്തോടെ പിന്തുടരാൻ പ്രോത്സാഹനം നൽകുന്ന പ്രധാനപ്പെട്ട ഒരു ചുവടുവെപ്പാണ് അക്കാദമിക് മികവിനെ അംഗീകരിക്കുക എന്നത്,' മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം. ജോർജ് പറഞ്ഞു. 'മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡിലൂടെ സർക്കാർ സ്കൂളുകളിലെ മിടുക്കരായ വിദ്യാർത്ഥികളുടെ നേട്ടങ്ങളെ ആഘോഷിക്കാനും അവരുടെ ഉപരിപഠനത്തെ പിന്തുണയ്ക്കാനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

ഈ സംരംഭം കൂടുതൽ യുവമനസ്സുകളെ മികവിനായി പരിശ്രമിക്കാനും അവരുടെ കഴിവുകൾ തിരിച്ചറിയാനും സഹായിക്കുമെന്ന് കരുതുന്നു,' അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫെരാരി ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്ത്യയിലെ ആദ്യ പഠനകേന്ദ്രം കൊച്ചിയിൽ

**കൊച്ചി:** മിലാനിലെ അന്താരാഷ്ട്ര ഫാഷൻ ഡിസൈൻ സ്ഥാപനമായ ഫെരാരി ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്ത്യയിലെ ആദ്യ പഠനകേന്ദ്രം കൊച്ചി സ്മാർട്ട്സിറ്റിയിലെ ലുലു ഐടി ട്വിൻ ടവറിൽ പ്രവർത്തനം ആരംഭിക്കുന്നു. ഹെയ്ൻറിച്ചിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് ലോഞ്ച് നാളെ വൈകുന്നേരം 5.30ന് ഗ്രാൻഡ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം.ജോൺ നിർവഹിക്കും.

ഫാഷൻ ഡിസൈനിങ്, നിറ്റ് വെയർ അൻഡ് ടെയ്‌ലറിങ്, അപ് സൈക്ലിങ് ആൻഡ് റീഫാഷൻ, ഫാഷൻ ഫോട്ടോഗ്രഫി, ഇന്റീരിയർ ഡിസൈനിങ്, സെലിബ്രിട്ടി ഫാഷൻ, ഹെയർ ആൻഡ് മേക്കപ്പ് എന്നിവയിൽ ആറു മാസ ഡിപ്ലോമ കോഴ്സുകൾ, മൂന്ന് വർഷ യുജി കോഴ്സുകളും 18 മാസ പിജി പ്രോഗ്രാമുകളാണിവിടെയുള്ളത്.

ഈ രംഗത്തെ വിദഗ്ധരുടെ ഓൺലൈൻ ക്ലാസുകൾക്ക് പുറമേ പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ സ്റ്റോറുകൾ സന്ദർശിക്കാനുള്ള അവസരവും കരിയർ ഗൈഡൻസും ഇന്റേൺഷിപ്പ് സപ്പോർട്ടും ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കുന്നുണ്ടെന്ന് ഹെയ്ൻറിച്ച് ഫൗണ്ടർ ഡയറക്ടർ മനോജ് തോമസ് പത്രസമ്മേളനത്തിൽ പറഞ്ഞു.

ഹെയ്ൻറിച്ചിന്റെ സഹകരണത്തോടെ ഇറ്റലിയിലെ ലംബോർഗിനി എഐ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേന്ദ്രവും ലുലു ഐടി ട്വിൻ ടവറിൽ ആരംഭിക്കുന്നുണ്ട്. എഐ അധിഷ്ഠിത ഡിപ്ലോമ, ബിസിഎ, എംസിഎ കോഴ്സുകളാണ് ഇവിടെ ആരംഭിക്കുന്നത്. ഇന്ന് വൈകിട്ട് ഗ്രാൻഡ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ലംബോർഗിനി എഐ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനവും നടക്കും.

ഇറ്റലിയിലെ ഫ്ലോറൻസ് യൂണിവേഴ്സിറ്റി, ഇംഗ്ലണ്ടിലെ ടീസൈഡ് യൂണിവേഴ്സിറ്റി, ഇന്ത്യയിലെ മണിപ്പാൽ യൂണിവേഴ്സിറ്റി എന്നിവയുമായി അഫിലിയേറ്റ് ചെയ്താണ് കൊച്ചിയിലെ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകളുലും ക്ലാസുകൾ ജനുവരി ആരംഭിക്കും. ഫാഷൻ ഡിസൈൻ ഡയറക്ടർ ഡയാന ജോണും പത്രസമ്മേളനത്തിൽ പങ്കെടുത്തു. ഫോൺ: 98958 00799, 81294 00799.




ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ ബ്രാൻഡ് അംബാസഡറായി നടൻ ആർ. മാധവൻ

# നത്തിംഗ് സ്മോൾ എബൗട്ട് അസ് കാമ്പയിൻ പുറത്തിറക്കി

**കൊച്ചി:** 26 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 800ലധികം ശാഖകളിലൂടെ ഒരുകോടിയിലധികം ഉപഭോക്താക്കൾക്ക് സേവനം നൽകുന്ന ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് പുതിയ ബ്രാൻഡ് കാമ്പയിനായ 'നത്തിംഗ് സ്മോൾ എബൗട്ട് അസ്' പുറത്തിറക്കി. പ്രശസ്ത നടനും പദ്മശ്രീ പുരസ്കാര ജേതാവുമായ ആർ. മാധവനാണ് കാമ്പയിനിൽ ബാങ്കിന്റെ ബ്രാൻഡ് അംബാസഡറായി എത്തുന്നത്.

സ്മോൾ ഫിനാൻസ് ബാങ്ക്' എന്ന പേരിലെ സ്മോൾ എന്നത് ബാങ്കിന്റെ സേവനങ്ങളും വായ്പാ തുകയും പരിമിതമാണെന്ന തരത്തിൽ ഉപഭോക്താക്കൾക്കിടയിലുണ്ടാക്കുന്ന തെറ്റിദ്ധാരണകൾ തിരുത്തുകയാണ് ഈ കാമ്പയിന്റെ പ്രധാന ലക്ഷ്യം.

ഉജ്ജീവൻ ബാങ്ക് നൽകുന്ന സേവനങ്ങളുടെയും വായ്പകളുടെയും വിപുലമായ സാധ്യതകൾ വെളിപ്പെടുത്തുന്നതാണ് ഈ പ്രചാരണം. 6,000 രൂപ മുതൽ 250 കോടി രൂപ വരെയുള്ള വായ്പകളാണ് വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് ലഭ്യമാക്കുന്നത്. സേവിംഗ്സ്, നിക്ഷേപങ്ങൾ, വായ്പകൾ, ബിസിനസ് ബാങ്കിംഗ്, ഫോറെക്സ്, എൻആർഐ സേവനങ്ങൾ, വെൽത്ത് സൊല്യൂഷനുകൾ എന്നിവയുൾപ്പെടെയുള്ള സമഗ്രമായ ബാങ്കിംഗ് സേവനങ്ങൾ ബാങ്ക് നൽകിവരുന്നു.

# കേറ്ററിങ് തട്ടിപ്പ്: ബോധവൽക്കരണം നടത്താൻ ഇമാക്

**കൊച്ചി**: ഇവന്റ് മാനേജ്മെന്റ് സേവനങ്ങളുടെ മറവിൽ നടക്കുന്ന തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണം നടത്താൻ കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് കമ്പനികളുടെ സംഘടനയായ ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള തീരുമാനിച്ചു. ഈയിടെ നടന്ന വിവാഹത്തിനു ഭക്ഷണമെത്തിക്കാതെ കേറ്ററിങ് സംഘം വഞ്ചിച്ചതായി ആരോപണം ഉയർന്ന സാഹചര്യത്തിലാണു സംഘടനയുടെ ഇടപെടൽ. പരിശോധിക്കുക, ഉറപ്പാക്കുക, രേഖപ്പെടുത്തുക, ശേഷം മാത്രം ബുക്ക് ചെയ്യുക' എന്ന സന്ദേശമുയർത്തിയാണ് ബോധവൽക്കരണ ക്യാംപെയ്നു തുടക്കമിട്ടത്.

സോഷ്യൽ മീഡിയ പരസ്യങ്ങൾ മാത്രം വിശ്വസിച്ച് സേവനം സ്വീകരിക്കുന്നതിന് മുൻപ് പരിശോധന അനിവാര്യമാണ്. പരിശോധിച്ച് ഉറപ്പാക്കി രേഖാമൂലം കരാറുണ്ടാക്കിയ ശേഷം മാത്രം ബുക്ക് ചെയ്യണമെന്ന് ഇമാക് പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു. ഓൺലൈൻ റിവ്യൂകളും മുൻ ഉപഭോക്താക്കളുടെ അഭിപ്രായങ്ങളും തേടുക, മുൻപ് നടത്തിയ പരിപാടികളുടെ വിവരങ്ങളും ചിത്രങ്ങളും ആവശ്യപ്പെടുക, മുൻ ഉപഭോക്താക്കളുടെ റഫറൻസുകൾ ആവശ്യപ്പെടുക, സേവനദാതാവുമായി നേരിട്ട് കൂടിക്കാഴ്ച്ച നടത്തുകയോ സംസാരിക്കുകയോ ചെയ്യണമെന്ന് സെക്രട്ടറി ബഹനാൻ കെ അരീക്കൽ പറഞ്ഞു.

ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പ്രവർത്തനത്തിന്റെ പേരിൽ മുഴുവൻ ഇവന്റ് മാനേജ്മെന്റ്, കേറ്ററിങ് കമ്പനികളെയും സംശയത്തിന്റെ നിഴലിൽ നിർത്തരുത്. ഉത്തരവാദിത്തത്തോടെയും പ്രഫഷനലായും പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളും വ്യക്തികളും ഈ മേഖലയിലുണ്ടെന്നും ബഹനാൻ കെ അരീക്കൽ കൂട്ടിച്ചേർത്തു.